LIBRARY ARCHIVES Kerala Legislative Assembly

- മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നീലേശ്വരം മുനിസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് (സ്പെഷ്യൽ) സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

- നിലവിൽ ബഡ്സ് സ്കൂളുകൾക്ക് നൽകിയിട്ടുള്ള വാഹനങ്ങൾക്ക് പുറമെ പുതുതായി ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്കായി അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ച സ്പെഷ്യൽ വാഹനങ്ങൾ മനോരമ സ്നേഹനിധിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ജില്ലാ കളക്ടറുടെ പേരിൽ വാങ്ങി നൽകി വരുന്നു.

- എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശുപത്രികളിലേയ്ക്കും തിരിച്ചും സൗജന്യമായി യാത്ര സൗകര്യം.

- ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൗജന്യമായി മരുന്നുകളും ലഭ്യമാക്കിവരുന്നു.

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധി

63 (1803) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്നും സാമ്പത്തിക സഹായത്തിനായി അപേക്ഷ നൽകിയവരിൽ ഇനിയും തുക അനുവദിക്കാനുള്ള എത്ര അപേക്ഷകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; സഹായം അനുവദിച്ചവരിൽ എത്ര പേർക്ക് ഇനിയും തുക ലഭ്യമാക്കാനുണ്ടെന്നും, ഇത് എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

ബഹു. മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായനിധിയിൽ നിന്നും സാമ്പത്തിക സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ അർഹത പ്പെട്ടവർക്കെല്ലാം ധനസഹായം അനുവദിച്ചിട്ടുണ്ട്.